പട്ടികജാതി വികസന കോർപ്പറേഷൻ കണ്ണൂർ റീജിയണൽ മാനേജർക്കെതിരായ പരാതി

349. [533] ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ഇപ്പോഴത്തെ കണ്ണൂർ റീജിയണൽ മാനേജർ അഴിമതി നടത്തിയെന്നാരോപിച്ചുകൊണ്ട് ആരെങ്കിലും 1985-86 വർഷത്തിൽ പരാതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഹരിജനക്ഷേമത്തിനായി നിയോഗിക്കപ്പെടുന്ന ഇത്തരം ഉദ്യോഗസ്ഥൻമാർ അഴിമതി നടത്തിയാൽ മാതൃകാപരമായി ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികളെ സംബന്ധിച്ച ഒരു പ്രാഥമിക അന്വേഷണം നടത്തി. അന്വേഷണറിപ്പോർട്ട് കോർപ്പറേഷന്റെ ബോർഡ് പരിഗണിക്കുകയും അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മാതൃ വകുപ്പായ സെക്രട്ടേറിയറ്റിലെ പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ് വകുപ്പ് ലേക്കയക്കാൻ കോർപ്പറേഷൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വീകരിക്കും.

സായുധ പോലീസ് എസ്. ഐ. തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ്

350. [534] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായുധ പോലീസ് എസ്. ഐ. തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ടുമെൻറ് മുഖേന നിയമനം നടത്തുവാൻ മൊത്തം എത്ര ഒഴിവുകളാണ് നാളിതുവരെ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ;

(ബി) ഇതിലേക്കുള്ള എഴുത്തുപരീക്ഷയുടെ റിസൽട്ട് എന്നത്തേക്ക് പബ്ലിഷ് ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 15.

(ബി) കഴിയുന്നത്ര വേഗത്തിൽ പബ്ലിഷ് ചെയ്യുന്നതാണ്.

ബലാൽസംഗത്തിന് വിധേയരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം

351. [535] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് 1986 ഫെബ്രുവരി 28 വരെ ബലാൽസംഗത്തിന് വിധേയരായ എത്ര ഹരിജൻ സ്ത്രീകൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം 5,000 രൂപ വീതം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) മറ്റു സമുദായങ്ങളിലെ സ്ത്രീകൾക്കും ഈ സാമ്പത്തിക സഹായം അനുവദിക്കാനുദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആറ് ജില്ലകളിൽ നിന്നും 11 പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	—	2
തൃശ്ശൂർ	—	2
പാലക്കാട്	—	1
കോഴിക്കോട്	—	3
കണ്ണൂർ	—	2
കോട്ടയം	—	1

പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടില്ല. മറ്റു ജില്ലകളെ സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല. സമൂഹത്തിൽ അവഗണിക്കപ്പെട്ടു കിടക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ നിസ്സഹായതയെ പരിഗണിച്ചാണ് ഇത് നൽകുന്നത്. മറ്റു സമുദായങ്ങൾക്ക് ഇതിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ബലാൽസംഗം ചെയ്യപ്പെട്ട ഹരിജൻ യുവതികൾക്ക് നൽകിയ സഹായം

352. [536] ശ്രീ പി. കുമാരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, കെ. ഡി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജന ബലാൽസംഗത്തിന്റെ പേരിൽ ആർക്കെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യ ആർക്കെല്ലാം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-86 വർഷത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ അഞ്ച് പേർക്ക് സഹായം നൽകിയിട്ടുണ്ട്. കണ്ണൂർ, പത്തനംതിട്ട, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ ആർക്കും നൽകിയിട്ടില്ല. മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ബി) 5,000 രൂപ വീതം, പേരു വിവരം വെളിപ്പെടുത്തുന്നത് അവരുടെ ഭാവിക്ക് ദോഷമായിത്തീരുമെന്നുള്ളതുകൊണ്ട് വെളിപ്പെടുത്തുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്

353. [537] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി നിയമനം നടത്തുന്നതിന് ഒരു സമയബന്ധിത പരിപാടി ആവിഷ്ക്കരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly